(ഇ) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 630 സംഘങ്ങൾ.

(ബി) 1996-ൽ 302 സംഘങ്ങൾക്കും 1999-ൽ 31 സംഘങ്ങൾക്കും അഫിലിയേഷൻ നൽകി. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-1 -ൽ ചേർത്തിരിക്കുന്നു.†

1997-1998 വർഷങ്ങളിൽ അഫിലിയേഷൻ നൽകിയിട്ടില്ല.

(സി) മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധം-II ൽ ചേർത്തിരിക്കുന്നു.†

(ഡി) 31.3.98 വരെ ലഭിച്ച അപേക്ഷകളിൽ ന്യൂനതയില്ലാത്ത എല്ലാ സംഘങ്ങൾക്കും ട്രേഡുയൂണിയൻ പരിഗണനയില്ലാതെ അഫിലിയേഷൻ നല്കിയിട്ടുണ്ട്.

(ഇ) ബാധകമല്ല.

5 (1219) മീൻകുന്ന് ബീച്ചിൽ അക്വേറിയം സ്ഥാപിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മീൻകുന്ന് ബീച്ചിൽ ഒരു അക്വേറിയം സ്ഥാപിക്കണമെന്ന ആവശ്യം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) അക്വേറിയം എപ്പോൾ പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) മീൻകുന്ന് ബീച്ചിൽ അക്വേറിയം സ്ഥാപിക്കുവാനുള്ള ബാദ്ധ്യതകൾ ഉണ്ടോ എന്നുള്ള കാര്യം പരിശോധനയിലാണ്.

6 (1220) തിക്കോടി പുലിമുട്ട് നിർമ്മാണം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തിക്കോടി പുലിമുട്ട് നിർമ്മാണത്തിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 27 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്നു.

(ബി)&(സി) പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നമുറയ്ക്ക് നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതാണ്. പ്രവർത്തനം ആരംഭിച്ച് രണ്ടു വർഷം കൊണ്ട് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

7 (1221) മത്സ്യവിത്ത് ഫാമുകൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യവിത്ത് ഫാമുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തികവർഷം പുതിയ ഫാമുകൾ സ്ഥാപിക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(സി) ഈ ഫാമുകൾവഴി എത്രമാത്രം മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും ഇതിനകം എത്ര ഉൽപ്പാദിപ്പിച്ചു എന്നും വ്യക്തമാക്കുമോ;

(ഡി) മത്സ്യഹാച്ചറികൾ എവിടെയെല്ലാം നിലവിൽ ഉണ്ടെന്നും ഇവയുടെ ശേഷി എത്രവീതമാണെന്നും വെളിപ്പെടുത്തുമോ;

(ഇ) പുതുതായി ഹാച്ചറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നെയ്യാർഡാം, പന്നിവേലിച്ചിറ, പോളച്ചിറ, പള്ളം, ഉള്ളണം, മീൻകര, മലമ്പുഴ, കടുങ്ങല്ലൂർ എന്നീ സ്ഥലങ്ങളിൽ മത്സ്യവിത്തു ഫാമുകളും അഴീക്കോട്, നീണ്ടകര എന്നീ സ്ഥലങ്ങളിൽ ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രങ്ങളും നിലവിലുണ്ട്.

(ബി) പുതിയ ഫാമുകൾ സ്ഥാപിക്കാൻ പദ്ധതി ഇല്ല.

(സി) നിലവിലുള്ള ഫാമുകൾ വഴി 142 ലക്ഷം മത്സ്യവിത്തുകളും 165 ലക്ഷം ചെമ്മീൻ വിത്തുകളും, 50 ലക്ഷം സ്പോണും ഉൽപ്പാദിപ്പിക്കുവാനാണ് 1999-2000 വർഷത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത്. നാളിതുവരെ 163.08 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെയും, 52.96 ലക്ഷം ചെമ്മീൻകുഞ്ഞുങ്ങളെയും 70.3 ലക്ഷം സ്പോണുകളെയും ഉൽപ്പാദിപ്പിച്ചുകഴിഞ്ഞു.

(ഡി) വിശദവിവരം ചുവടെ ചേർക്കുന്നു.

ഹാച്ചറി	ശേഷി (മത്സ്യകുഞ്ഞുങ്ങൾ)

LIBRARY ARCHIVES Kerala Legislative Assembly